LIBRARY ARCHIVES Kerala Legislative Assembly

## കാസർഗോഡ് ജില്ലയിലെ വില്ലേജുകൾ

145 (3893) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ വില്ലേജുകളുടെയും ഗ്രൂപ്പ് വില്ലേജുകളുടെയും കണക്കുകൾ വ്യക്തമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയ വില്ലേജുകൾ രൂപീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) വില്ലേജുകൾ - 83

ഗ്രൂപ്പ് വില്ലേജുകൾ - 30

(ബി) പുതിയ വില്ലേജുകൾ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ഒരു പഞ്ചായത്തിന് ഒരു വില്ലേജ് എന്ന നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി 30 വില്ലേജുകൾ പുതുതായി രൂപീകരിച്ചു. ആയതിൽ കാസർഗോഡ് ജില്ലയിലെ വലിയപറമ്പ വില്ലേജും ഉൾപ്പെടുന്നു.

## പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി പതിച്ചുനൽകാൻ നടപടി

146 (3894) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിൽ വർഷങ്ങളായി താമസിച്ചുവരുന്ന എത്ര കുടുംബങ്ങൾക്കാണ് ഭൂമി പതിച്ചു നൽകാൻ ബാക്കിയുള്ളതെന്ന് വിശദമാക്കാമോ ;

(ബി) പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിൽ താമസിച്ചുവരുന്ന പ്രസ്തുത വിഭാഗത്തിലെ എത്ര കുടുംബങ്ങൾക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭൂമി പതിച്ചുനൽകിയെന്ന് താലൂക്ക്-വില്ലേജ് തിരിച്ച് വ്യക്തമാക്കാമോ ;

(സി) ഇനിയും ഭൂമി പതിച്ചു നൽകാത്തവർക്ക് ആയത് നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിൽ വർഷങ്ങളായി താമസിച്ചുവരുന്ന 326 കുടുംബങ്ങൾക്ക് ഭൂമി പതിച്ചു നൽകാൻ ബാക്കിയുണ്ട്.